DESPATCHED
On...11.3.2020
14/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1250*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *7302/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. അബ്ദുൾ ജലീൽ**
**S/o മമ്മദ് കോയ**
**തിരുവോത്ത്**
**ഇരിങ്ങല്ലൂർ പി.ഒ**
**കോഴിക്കോട്-14** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & അസി.പോലീസ് കമ്മീഷണർ(ഭരണം), ജില്ലാ പോലീസ് ഓഫിസ് കോഴിക്കോട് സിറ്റി**
2. **അപ്പീൽ അധികാരി ജില്ലാ പോലീസ് മേധാവി കോഴിക്കോട് സിറ്റി**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും കത്തുനൽകുകയും ഇരുകക്ഷികളും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.



res

ആയതിൽ ഹർജിക്കാരന്റെ ആക്ഷേപം, ടിയാന് നാളിതുവരെ ആവശ്യപ്പെട്ട മുഴുവൻ രേഖകളും ലഭിച്ചില്ലെന്നാണ്. രേഖകൾ പരിശോധിച്ചതിൽ ആയത് ബോധ്യപ്പെട്ട കമ്മീഷൻ 10 ദിവസത്തിനകം വിവരങ്ങൾ നൽകണമെന്ന് എസ്.പി.ഐ.ഒയ്ക്ക് ഹിയറിംഗിൽ നിർദ്ദേശം നൽകുകയും, 12.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ പ്രസ്താവിച്ചത്, ടി ഫയലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാൻ ഹർജിക്കാരന് 25.03.2014 അനുമതി നൽകിയിട്ടുള്ളതും ടിയാൻ പരിശോധിച്ചിട്ടുള്ളതുമാണെന്നും, 2,3 നമ്പരിലുള്ള ചോദ്യങ്ങൾക്ക് മറുപടി ഇല്ല എന്നും ഗാർഡ് കമാണ്ടർ ബന്ധപ്പെട്ട മേലധികാരിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വിവരം നൽകിയിട്ടുണ്ടെന്നും, 4–ാമത്തെ ചോദ്യവുമായി ബന്ധപ്പെട്ട ഫയൽ ബഹു.കണ്ണൂർ മേഖലാ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ ഉത്തരവ് സംബന്ധിച്ച രേഖകൾ ആയതിനാലും 5 വർഷത്തോളം പഴക്കമുള്ളതായതിനാലും ബഹു.കമ്മീഷൻ അനുവദിച്ച 10 ദിവസത്തിനകം കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ആയത് കണ്ടെത്തി അപേക്ഷകനെ അറിയിക്കാനുള്ള ശ്രമം നടന്നുവരികയാണെന്നും, ലഭ്യമായാലുടൻ അപേക്ഷകന് നൽകുന്നതാണെന്നുമാണ്. 5,6,7 ചോദ്യങ്ങൾ ക്കുള്ള മറുപടിക്കുള്ള ഫയലുകളിൽ ഒരു ഫയൽ കോടതിയിലും ബാക്കിയുള്ളവ പഴയതായതിനാൽ പൂർണ്ണമായി കണ്ടെത്താൻ സാധിച്ചില്ലെന്നും ലഭ്യമായാലുടൻ അപേക്ഷകന് നൽകുന്നതാണെന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ, ടി പരാതി 5 വർഷത്തോളം പഴക്കമുള്ളതിനാലും രേഖകൾ കണ്ടെടുക്കാൻ താമസമുണ്ടെന്നും, കിട്ടുന്ന മുറയ്ക്ക് എല്ലാ രേഖകളും ഹർജിക്കാരന് നൽകിക്കൊള്ളാം എന്ന എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് വിശ്വാസത്തിലെടുത്തുകൊണ്ട് എത്രയും പെട്ടെന്ന് രേഖകൾ കണ്ടെടുത്ത് ഹർജിക്കാരന് നൽകണമെന്ന നിർദ്ദേശത്തോടെ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res